**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1763** **15-03-2022 - ൽ മറുപടിയ്ക്ക്**

**ശ്രവണ സഹായി അനുവദിക്കുന്നതിന് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | null<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കേൾവിക്കുറവ് ഉള്ളവർക്ക് ശ്രവണ സഹായി നൽകുന്നതിന് എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളത് എന്ന് വിശദമാക്കാമോ; | (എ) | "ശ്രവണ" പദ്ധതി പ്രകാരം കേൾവിക്കുറവുള്ള ഭിന്നശേഷിക്കാർക്ക് കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ മുഖേന സൗജന്യമായി ശ്രവണ സഹായി വിതരണം ചെയ്തു വരുന്നു. 40 ശതമാനത്തിനു മേൽ ഭിന്നശേഷിത്വമുള്ള വാർഷികവരുമാനം ഒരു ലക്ഷം രൂപയിൽ താഴെ ഉള്ള ഭിന്നശേഷിക്കാർക്ക് ശ്രവണ സഹായി സൗജന്യമായി അനുവദിക്കുന്നു. അതിനായി നിശ്ചിത അപേക്ഷ ഫോറത്തിൽ ഗവണ്മെന്റ് ഇ.എൻ.ടി ഡോക്ടർ സർട്ടിഫൈ ചെയ്ത ഭിന്നശേഷിത്വ സർട്ടിഫിക്കറ്റ്, റേഷൻകാർഡിന്റെ 1, 2 പേജുകളുടെ പകർപ്പ്, 2 ഫോട്ടോ എന്നിവ സഹിതം സമർപ്പിക്കണം. ഗവണ്മെന്റ് ഓഫ് ഇന്ത്യയുടെ അഡിപ് (Assistance to Disabled persons for purchasing / fitting of aids / appliances) സ്കീം മുഖേന നിഷിൽ ശ്രവണ സഹായി വിതരണം ചെയ്തു വരുന്നു. മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് ഉള്ളവരുടെ സാമ്പത്തിക സ്ഥിതിയുടെ അടിസ്ഥാനത്തിലാണ് പ്രസ്തുത സ്കീം വഴി ശ്രവണ സഹായി അനുവദിക്കുന്നത്. |
| (ബി) | ശ്രവണ സഹായിക്കായി ശ്രീമതി ബീന,മാടോൽ ഹൗസ്,പൂളക്കുൽ സമർപ്പിച്ച അപേക്ഷയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ? | (ബി) | ശ്രവണ സഹായിക്കായിയുള്ള ശ്രീമതി ബീന, മാടോൽ ഹൗസ്, പൂളക്കുൽ സമർപ്പിച്ച അപേക്ഷ വികലാംഗ ക്ഷേമ കോർപ്പറേഷന് കൈമാറിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ചും മാനദണ്ഡങ്ങൾക്ക് വിധേയമായും ടിയാളുടെ അപേക്ഷയിൽ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ